

ചരിത്രം

നമ്മുടെ ഇമാമുകൾ

കെ. കെ. കുഞ്ഞാലി മുസ്ല്യാർ
ചേലക്കാട്

# ഇമാം ഇബ്നുസ്സ്വലാഹ്(റ)

പ്രസിദ്ധശാഫിഈ പണ്ഡിതനാണ് ഇമാം ഇബ്നുസ്സ്വലാഹ്(റ). സ്വനാമം ഉസ്മാൻ. പിതാവ് അബ്ദുർറഹ്മാൻ. കുൻയത് അബൂഅംറ്. തഖിയ്യുദ്ദീൻ എന്നാണു സ്ഥാനപ്പേര്. സ്വലാഹ് എന്നുകൂടി പിതാവിനു പേരുള്ളതുകൊണ്ട് പൊതുവെ അറിയപ്പെടുന്നത് ഇബ്നുസ്സ്വലാഹ് എന്നപേരിൽ. ഇറാനിന്റെ പടിഞ്ഞാറു പ്രവിശ്യയായ കുർദിസ്താനിലെ 'ശഹ്റസൂർ' പട്ടണത്തിനു സമീപത്തുള്ള ശറകാനിൽ ഹിജ്റ 577-ലാണു ജനനം.

പ്രാഥമികപഠനം പിതാവിൽ നിന്നുതന്നെ. ശേഷം മൗസ്വിലിലേക്കായിരുന്നു യാത്ര. ഇബ്നുസ്സമീൻ എന്നവരിൽ നിന്നു ഹദീസു പഠിച്ചു. പിന്നീടു ഖുറാസാൻ രാജ്യത്തെ വിവിധ ദേശങ്ങളിൽ ചെന്നു ദീർഘകാലം പലവിധ വിജ്ഞാനങ്ങളും കരസ്ഥമാക്കി. പല സ്ഥലങ്ങളിലായി പ്രഗത്ഭമതികളായ പലരും ഗുരുവര്യരായുണ്ട്. അബുൽമുളഫ്ഫർ സം ആനി, മൻസൂറുൽ ഫുറാവീ, ശൈഖ് മുവഫ്ഫഖുബ്നുഖുദാമ, ഖാളി അബ്ദുസ്സമദ്, ഇബ്നുസുകൈന തുടങ്ങിയവർ അവരിൽ ചിലരാണ്.

ശാഫിഈ ഫിഖ്ഹിൽ ഇമാം അബൂഇസ്ഹാഖിന്റെ മുഹദ്ദബ് ചെറുപ്രായത്തിൽ തന്നെ പഠിച്ചിരുന്നു. തഫ്സീർ, ഹദീസ്, ഫിഖ്ഹ്, ലുഗത്ത്, ഹദീസുനിവേദകരുടെ ചരിത്രവിവരണമായ അസ്മാഉർരിജാൽ എന്നീ വിജ്ഞാനങ്ങളിലെല്ലാം മഹാനർ അതികായനാണ്.

ഖുറാസാൻ വിട്ട ശേഷം ശാമിലേക്കാണു പോയത്. നാസ്വിർസ്വലാഹുദ്ദീൻ നിർമ്മിച്ച 'നാസ്വിരിയ്യ' എന്ന സ്ഥാപനത്തിലാണ് ഔദ്യോഗികമായി തദ്രീസിന്റെ ചുമതലയേറ്റത്. ഒട്ടനവധി പേർ അദ്ദേഹത്തിൽ നിന്നു പഠിച്ചു വലിയ പണ്ഡിതന്മാരായിട്ടുണ്ട്. ശിഹാബുദ്ദീൻ അബൂഉസാമ, ഇബ്നുറസീൻ, ചരിത്രപണ്ഡിതൻ ശംസുദ്ദീൻ ഇബ്നുഖല്ലികാൻ, ഇമാം നവവിയുടെ ഉസ്താദ് ഇസ്ഹാഖുഗ്ഗീറാസി(റ-ഹും) തുടങ്ങിയവർ അവരിൽ ചിലർ മാത്രം. കുറച്ചു കാലങ്ങൾക്ക് ശേഷം ദിമശ്ഖിലേക്കു പോയി. അവിടെ റവാഹിയ്യ, ദാറുൽഹദീസ് എന്നീ സ്ഥാപനങ്ങളിലും ദർസ് നടത്തിട്ടുണ്ട്. എണ്ണത്തിൽ കുറവാണെങ്കിലും പിന്നീട് വന്ന മുഹദ്ദിസുകൾ, ഫുഖഹാഅ് എന്നിവർക്കെല്ലാം ഉപകരിച്ച അതിമഹത്തായ ചില ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. മുഖദ്ദിമത്തുബ്നുസ്സലാഹ് എന്നപേരിൽ അറിയപ്പെടുന്ന ഉലൂമുൽ ഹദീസാണ് അവയിലൊന്ന്. ഇതിനെ വ്യാഖ്യാനിച്ചവരും സംക്ഷിപ്തമാക്കിയവരും പദ്യമാക്കിയവരുമെല്ലാം ധാരാളമുണ്ട്. ഇമാം നവവി(റ) ഇതിനെ ചുരുക്കിയെഴുതിയതാണ് ഇർശാദ് എന്നത്. ഇർശാദ് വീണ്ടും ചെറുതാക്കിയതാണ് ഇമാം നവവിയുടെ തഖ്രീബ്. ഇമാം സുയൂഥി(റ)ക്കു 'തദ്രീജ്' എന്ന ശർഹും ഇതിനുണ്ട്. 'ത്വബഖാത്തുൽ ഫുഖഹാഅ്', 'അദബുൽമുഫ്തി', 'ശർഹു മുശ്കിലിൽ വസീത്' എന്നീ ഗ്രന്ഥങ്ങളും ഇമാം ഇബ്നുസ്സ്വലാഹിന്റേതാണ്. മഹാനർ കിഴക്കൻരാജ്യങ്ങൾ സഞ്ചരിച്ചപ്പോൾ പല വിജ്ഞാനങ്ങളും ഉൾക്കൊള്ളിച്ചെഴുതിയതാണ് യാത്രാകുറിപ്പെന്ന പേരിലുള്ള തന്റെ 'രിഹ്ല'.

ജീവിതത്തിൽ ഒരു ചെറുദോഷം പോലും താൻ ചെയ്തിട്ടില്ലെന്ന് അദ്ദേഹംതന്നെ പറഞ്ഞതായി ചിലർ ഉദ്ധരിക്കുന്നു. ഇത് അല്ലാഹു മഹാനർക്കു ചെയ്ത വല്ലാത്ത ഫള്ലാണെന്ന് ഇമാം സുബ്കിയും പറഞ്ഞു. ഇമാം നവവി അദ്ദേഹത്തെ ശർഹുമുസ്ലിമിലും മറ്റും 'അശ്ശൈഖുൽഇമാം' എന്ന് ബഹുമാനസൂചകവാക്യത്തിനു ശേഷം 'റഹിമഹുല്ലാഹ്' എന്നു പറഞ്ഞുകൊണ്ടേ അദ്ദേഹത്തെ ഉദ്ധരിക്കാറുള്ളൂ. 'ധാരാളമായി അല്ലാഹുവിന് ദിക്ർ ചെയ്യുക' എന്ന ഖുർആനിൽ പ്രകീർത്തിച്ചവരുടെ സ്ഥാനം സാധ്യമാകാൻ സ്വബാഹ്-മസാഅ് എന്നീ സമയങ്ങളിൽ ദിക്ർ പതിവാക്കൽ മതിയെന്ന് ഇമാമവർകൾ പറയുന്നു. അത്തരക്കാർക്ക് അല്ലാഹു പാപമോചനവും വമ്പിച്ച പ്രതിഫലവും വാഗ്ദാനം ചെയ്യുന്ന ഒരു വാക്യം വിശുദ്ധഖുർആനിലുണ്ട്.

വാവ് എന്ന അക്ഷരം തുടക്കത്തിലുള്ള 'നാലു വാവുകൾ നീ സൂക്ഷിക്കണം. അല്ലാതിരുന്നാൽ അത് നാശമാണ്' എന്നർത്ഥം വരുന്ന ഒരു ഈരടി അദ്ദേഹ

ത്തിന്റേതായുണ്ട്. വസ്വിയ്യത്ത്, വകാലത്ത്, വദീഅത്ത്, വുഖൂഫ് എന്നിവയാണവ. ചെയ്ത വസ്വിയ്യത്ത് അവകാശികൾ നിറവേറ്റാതിരിക്കരുത്; ഏറ്റെടുത്ത കാര്യം ചെയ്യാതിരിക്കരുത്; സൂക്ഷിക്കാൻ വാങ്ങിയത് തിരിച്ചേൽപിക്കാതിരിക്കുന്നത്; അറഫയിൽ നിർത്തമുപേക്ഷിക്കരുത് എന്നായിരിക്കാം ഇതിന്റെ ഉദ്ദേശ്യം. ഹിജ്റ 643 റബീഉൽആഖിർ 25 ബുധനാഴ്ച സുബ്ഹ് സമയം ദിമശ്ഖിൽ മഹാനർ വഫാതായി. മഖാബിറുസ്സൂഫിയ്യയിലാണ് അടക്കപ്പെട്ടത്.




മാലികീ മദ്ഹബിലെ പ്രസിദ്ധ ഫഖീഹാണ് ഇമാം ഇബ്നുൽഹാജിബ്(റ). ഉമർ മകൻ ഉസ്മാൻ എന്നാണു നാമം. അബൂഅംറ് ഉപനാമം. ജമാലുദ്ദീൻ സ്ഥാനപ്പേർ. പിതാവ് അമീർഇസ്സുദ്ദീൻ എന്നയാളുടെ കാവൽക്കാരനായതുകൊണ്ടാണ് ഇബ്നുൽഹാജിബ് എന്നപേരിൽ അറിയപ്പെടുന്നത്. ഹി: 570 അവസാനത്തിൽ അസ്നായിലാണ് ഇമാം ജനിച്ചത്. ഈജിപ്തിലെ ഉയർന്ന സ്ഥലത്തുള്ള ചെറിയ പ്രദേശമാണ് അസ്നാ.

ചെറിയ പ്രായത്തിൽ കൈറോവിൽ വച്ച് വിശുദ്ധഖുർആനും മാലികീമദ്ഹബിലുള്ള ഫിഖ്ഹും പഠിച്ചു. പിന്നീട് അറബിഭാഷ സംബന്ധമായ സർവ്വ ജ്ഞാനങ്ങളും ഖിറാഅത്തിന്റെ വിവിധയിനം അറിവും ഉസുലുൽഫിഖ്ഹിലെ ഗഹനമേറിയ പഠനവും മറ്റനേകം വിജ്ഞാനങ്ങളും നേടുകയും അവയിലെല്ലാം മികവുറ്റ കഴിവും പ്രത്യേക പ്രാഗത്ഭ്യവും വേറിട്ട വിശകലനവും തഹ്ഖീഖുമാണ് മഹാനർക്കുണ്ടായിരുന്നത്. ഈജിപ്ത് വിട്ട ശേഷം ദിമശ്ഖിലേക്കു പോകുകയും അവിടെയുള്ള മാലികിയ്യ ജാമിഅയിൽ ദർസ് നടത്തുകയും ചെയ്തിട്ടുണ്ട്. അക്കാലയളവിൽ ഇമാം ഇസ്സുദ്ദീനിബ്നു അബ്ദിസ്സലാമു (റ)(ഹി:660)മായി സന്ധിക്കുകയും ബന്ധപ്പെടുകയും അവർ ഇഷ്ടസ്നേഹിതരായി കഴിഞ്ഞുകൂടുകയും ചെയ്തു. അവിടുത്തെ ചില പ്രദേശം സുൽത്താൻ ഇസ്മാഈൽ എന്നയാൾ ഫ്രഞ്ചുകാർക്ക് വിട്ടുകൊടുത്തത് ഇമാം ഇസ്സുദ്ദീൻ എതിർത്തിരുന്നു. ഇതുകാരണം, ഭരണാധിപൻ അദ്ദേഹത്തെ തടവറയിൽ താമസിപ്പിച്ചു. സ്നേഹാധികൃത്താൽ ഇമാം ഇബ്നുൽഹാജിബും അദ്ദേഹത്തോടൊപ്പം തടവറയിൽ കൂട്ടിനിരുന്നു! പിന്നീട് രണ്ടുപേരും മിസ്റിലേക്കു പോയി.

കൈറോവിൽ തിരിച്ചെത്തിയ ഇമാം അവിടെയും അധ്യാപനം നടത്തി. നിരവധി ശ്രേഷ്ടന്മാർ അവരിൽ നിന്നു വിദ്യ നുകർന്നു. ചില ഗ്രന്ഥങ്ങൾ ഇമാം രചിച്ചിട്ടുണ്ട്. എല്ലാം കനപ്പെട്ടതും ഏറെ ഫലവത്തുമാണ്. അറബിസാഹിത്യശാസ്ത്രത്തിലാണ് മഹാനരുടെ അതുല്യകഴിവ്. ഇൽമുസ്സർഫിലെ വിലപ്പെട്ടൊരു ഗ്രന്ഥമാണ് 'ശാഫിയ' എന്നത്. നഹ്വിലേതാണ് കാഫിയ. രണ്ടിനും അദ്ദേഹത്തിനുതന്നെ ശർഹുമുണ്ട്. ശാഫിയയെ വ്യാഖ്യാനിച്ചെഴുതിയവർ ധാരാളം പേരുണ്ട്. പ്രചാരത്തിലുള്ള വ്യാഖ്യാനം ഫക്റുദ്ദീൻ ചാർബർദി(ഹി:746)യുടേതാണ്. ഈ ശർഹിന് ഇബ്നുജമാഅത്ത് എന്നയാൾക്ക് ഒരു ഹാശിയയുണ്ട്. ഇമാം ഇബ്നുഹിശാമിന്റെ 'ഉംദത്തുത്വാലിബ്', ശൈഖു സകരിയ്യൽഅൻസ്വാരി(റ)യുടെ 'മനാഹിജുൽ കാഫിയ' എന്നിവ ശാഫിയയുടെ വി ശദീകരണങ്ങളാണ്. നഹ്വിലെ പഠനാർഹമായ കി താബാണ് കാഫിയ. നിരവധി വമ്പന്മാരായ പണ്ഡിതന്മാർ ഇതിനും വ്യാഖ്യാനമെഴുതിയിട്ടുണ്ട്. അവയിൽ ഏറ്റവും മുന്തിനില്ക്കുന്നത് പരന്ന വിശദീകരണവും സംശയവും മറുപടിയും എന്ന രീതിയിലുള്ളതും മറ്റനേകം ഉലൂമുകളുൾക്കൊണ്ടതുമായ ശൈഖ് റളിയ്യുദ്ദീൻ മുഹമ്മദുബ്നുൽ ഹസനിൽഇസ്തറാബാദിയുടേതാണ്. ഇതിൽപക്ഷേ, പ്രത്യേകം പറഞ്ഞുകാണുന്നില്ല. 'റളീ പറഞ്ഞു' എന്നു മാത്രമാണ് ഉദ്ധരണി കാണുന്നത്. നജ്മുൽഅഇമ്മ എന്ന സ്ഥാനപ്പേരുള്ള അദ്ദേഹത്തിന്റെ കൂടുതൽ ചരിത്രം എനിക്കറിയില്ലെന്നും ഈ ഗ്രന്ഥത്തിൽ നിന്നു വിരമിച്ചത് ഹി: 683-ലും വഫാത് 683-ലോ 686-ലോ ആണെന്നും അല്ലാമ: സുയൂഥി(റ) പ്രസ്താവിക്കുന്നു. കാഫിയയുടെ മറ്റൊരു ശർഹാണ് പഴയകാലത്ത് പള്ളിദർസുകളിൽ നിന്നു ധിഷണാശാലികളായ ഗുരുവര്യരിൽ നിന്ന് പഠനോത്സുകരായ വിദ്യാർത്ഥികൾ ഓതിയിരുന്ന 'മുല്ലാജാമീ' എന്നത്. 'ഫവാഇദുള്ളിയാഇയ്യ' എന്ന് പേരുള്ള ഈ ശർഹിന്റെ കർത്താവ് ജാം എന്ന നാട്ടിൽ ഹി: 817-ൽ ജനിച്ച നൂറുദ്ദീനിൽ ജാമി എന്നു പ്രസിദ്ധമായ അബ്ദുർറഹ്മാൻ എന്നവരാണ്. മരണം ഹി: 898-ൽ. ഈ ശർഹിന് വീണ്ടും ഇഅ്തിറാളും മറുപടിയും മറ്റുമായി വിവരിച്ചവരാണ് മുല്ലാഉസ്വാം. ഇബ്റാഹീം എന്നു പേരുള്ള ഖുറാസാനിയായ ഹനഫീ പണ്ഡിതനാണദ്ദേഹം. മരണം ഹി: 944-ൽ. താജുൽഉലമാ സദഖത്തുല്ല മുസ്ല്യാർ(റ) റഈസുൽമുഹഖ്ഖിഖീൻ കണ്ണിയത്ത് അഹ്മദ്മുസ് ല്യാർ(റ)ക്ക് ഈ കിതാബ് ഓതിക്കൊടുത്തിരുന്നു. ശൈഖുനാ കീഴനഓർ(റ) അല്ലാമ: തറക്കണ്ടി(റ)ഓറിൽ നിന്ന് ഇത് നല്ലവണ്ണം തഹ്ഖീഖ് ചെയ്ത് ഓതീട്ടുണ്ട്. നഹ്വിൽ ഓർക്കുണ്ടായിരുന്ന അപാരമായ ജ്ഞാനം ഈ മാതിരി കിതാബുകൾ നല്ലപോലെ ഗ്രഹിച്ചു മനസ്സിലാക്കിയതുകൊണ്ടാണെന്ന് തദ്‌വിഷയം ഓറിൽ നിന്നു കേട്ടവർക്കു ബോധ്യമാകും.

'മുൻതഹസ്സുആൽ' എന്നൊരു ഗ്രന്ഥം ഉസുലുൽ ഫിഖ്ഹിൽ ഇമാം ഇബ്നുൽഹാജിബിനുണ്ട്. അദ്ദേഹംതന്നെ അതിനെ ചുരുക്കിയതാണ് 'മുഖ്തസ്വ

*ശേഷം...... പേജ് 39 ൽ*

പേജ് 14ൽ നിന്ന്......

റുൽ മുൻതഹാ' എന്നും 'മുഖ്തസ്വറുബ്നിൽ ഹാജിബ്' എന്നും അറിയപ്പെടുന്നത്. ഇമാം തഫ്താസാനി (ഹി: 791) അശ്ശരീഫുൽ ജുർജാ നി(ഹി: 816) എന്നിവർക്കുള്ള വ്യാഖ്യാനത്തോടൊപ്പം രണ്ടു വാള്യങ്ങളിലായി ഈ ഗ്രന്ഥം പ്രചാരത്തിലുണ്ട്. മാലികീഫിഖ്ഹിൽ ഒരു മുഖ്തസ്വർ ഇമാമിനുണ്ട്. മുഹമ്മദുബ്നുഹസൻ(ഹി:771) എന്നായൾക്കും ഒരു ശർഹുണ്ട്. ഒറ്റവാള്യമുള്ള നഹ്‌വിലെ മറ്റൊരു കിതാബാണ് 'അമാലി' എന്നത്. സമഖ്ശരിയുടെ മുഫസ്സ്വലിലുള്ള ചില സ്ഥലങ്ങളും തന്റെ കാഫിയയിലുള്ള ചിലതും നഹ്‌വിലെ വിവിധതരം ഫാഇദകളും ചില ആയത്തുകളുടെ തഫ്സീറുമാണ് ഇതിലെ ഉള്ളടക്കം. ചരിത്രപണ്ഡിതൻ ഖാളിഇബ്നുഖല്ലികാൻ അദ്ദേഹത്തെ നേരിൽ കാണുകയും നഹ്‌വിൽ പലതും ചോദിച്ചുപഠിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉദ്ധരണിയിൽ ഇമാം ഇബ്നുൽഹാജിബ് അല്ലാഹുവിന്റെ പടപ്പുകളിൽ അതിബുദ്ധിമാനെന്നാണു വിശേഷിപ്പിച്ചിട്ടുള്ളത്. സൂക്ഷ്മാശാലി, വിനയാന്വിതൻ, നല്ല സദ്വൃത്തൻ, സമുദ്രസമാന ജ്ഞാനമുള്ളയാൾ എന്നീ ഗുണങ്ങളെല്ലാം ഒരുമിച്ച ആളാണ് ഇമാം. മിസ്റ് വിട്ടശേഷം ഇസ്കൻദരിയ്യയിലേക്ക് പോയി. അവിടെയാണ് വഫാത്. ഹി: 646 ശവ്വാൽ 26 വ്യാഴാഴ്ച ളുഹാ സമയത്താണ് വഫാത് നടന്നത്. അവിടെ ശൈഖ് ഇബ്നുഅബീശാമയുടെ സമീപത്താണ് അടക്കം ചെയ്യപ്പെട്ടത്.

ഇവരുടെയും ഹഖ്ഖ് കൊണ്ട് അല്ലാഹു നമ്മെ രക്ഷിക്കുമാറാകട്ടെ.